Malayala Manorama 10-09-18, P-4



## കൃഷിയും ഞാറ്റുവേലയും

മീനമാസം മുതൽ അടുത്ത മേടമാസം വരെ 12 മാസങ്ങളിലായാണ് ഇരുപത്തേഴു ഞാറ്റുവേലകൾ. ഞാറ്റുവേല എന്നാൽ ഞായറിന്റെ വേള അഥവാ സൂര്യന്റെ വേള എന്നാണ് അർഥം. 27 നക്ഷത്രങ്ങളിൽ ഓരോന്നിന്റെയും അടുത്ത് സൂര്യൻ നിലകൊള്ളുന്ന പതിമൂന്നര ദിവസമാണ് അതതു നക്ഷത്രത്തിന്റെ ഞാറ്റുവേലയായി അറിയപ്പെടുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട തിരുവാതിര ഞാറ്റുവേല പതിനഞ്ചു ദിവസം ആണ്. അശ്വതി ഞാറ്റുവേല മുതൽ രേവതി ഞാറ്റുവേല വരെ ഓരോ ഞാറ്റുവേലക്കാലത്തിന്റെയും പ്രത്യേകത മനസ്സിലാക്കി ഓരോ ഞാറ്റുവേലയ്ക്കും ഏതെല്ലാം കൃഷിപ്പണികൾ ചെയ്യണം എന്നതിന് വ്യക്തമായ കലണ്ടർ പഴമക്കാർ തയാറാക്കിയിരുന്നു.



**ചില ഞാറ്റുവേലകളും അവയുമായി ബന്ധപ്പെട്ട കൃഷികളും നോക്കൂ**

- **അശ്വതി** - ചാമ
- **രോഹിണി**- പയർ, ചെറുപയർ, ഉഴുന്ന്, തുവരപ്പരിപ്പ്
- **തിരുവാതിര**- അമര, കുരുമുളക്, തെങ്ങ്
- **മകം** - എള്ള്
- **അത്തം** - വാഴ
- **ഭരണി**- മത്തൻ, കുമ്പളം, പാവൽ, വെണ്ട

തിരുവാതിര ഞാറ്റുവേലയിൽ തിരിമുറിയാതെ മഴപെയ്യും എന്നും തിരുവാതിരയിൽ നൂറ്റൊന്നു മഴ, നൂറ്റൊന്നു വെയിൽ എന്നും ചൊല്ലുകളുണ്ട്. സമൃദ്ധമായ വെയിൽ, പെയ്തൊഴിയാത്ത മഴ, തെക്കുപടിഞ്ഞാറൻ കാറ്റ് എന്നിവ തിരുവാതിര ഞാറ്റുവേലയുടെ പ്രത്യേകതകളാണ് തിരുവാതിര ഞാറ്റുവേലയുടെ തുടക്കത്തിൽ തെളിഞ്ഞ കാലാവസ്ഥയാണെങ്കിൽ അവസാന സമയത്ത് മഴപെയ്യും എന്നാണ് വിശ്വാസം. കുരുമുളകു കൃഷിക്ക് പറ്റിയ സമയം തിരുവാതിര ഞാറ്റുവേലയാണ്.

## കൃഷി ആയുധങ്ങൾ

കൃഷിപ്പണിക്ക് ഉപയോഗിക്കുന്ന ആയുധങ്ങൾ നോക്കൂ - കലപ്പ, നുകം, മൺവെട്ടി, കൂന്താലി, അരിവാൾ, കളമാന്തി, മുപ്പല്ലി, തേക്കുകൊട്ട, പുല്ലുചെത്തി.

## കാർഷിക വിപ്ലവങ്ങൾ

കൃഷിയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ ഉൽപാദനം വർധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടപ്പാക്കിയതോടെ ഉണ്ടായ കാർഷിക വിപ്ലവങ്ങൾ ഏതെല്ലാമെന്നറിയാമോ?

**• കാർഷിക വിപ്ലവവും കാർഷിക ഉൽപന്നവും**

1. മഞ്ഞ വിപ്ലവം (എണ്ണക്കുരുക്കൾ)
2. നീല വിപ്ലവം (മത്സ്യം)
3. പിങ്ക് വിപ്ലവം (ഉള്ളി/ ചെമ്മീൻ)
4. സ്വർണനാര് വിപ്ലവം (ചണം)
5. സുവർണ വിപ്ലവം (പഴം/തേൻ)
6. വെള്ളി വിപ്ലവം (മുട്ട)
7. ഹരിതവിപ്ലവം (ഭക്ഷ്യധാന്യങ്ങൾ)
8. റൗണ്ട് വിപ്ലവം (ഉരുളക്കിഴങ്ങ്)
9. വെള്ളിനാര് വിപ്ലവം (പരുത്തി നാര്)



## കാർഷിക ഗവേഷണ കേന്ദ്രങ്ങൾ

വിവിധയിനം വിളകളുടെ പുതിയ ഇനങ്ങൾ വികസിപ്പിക്കൽ, നിലവിലുള്ള ഇനങ്ങളുടെ മെച്ചപ്പെടുത്തൽ, കീടരോഗനിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട് ഗവേഷണങ്ങൾ നടത്തുന്ന കുറെയേറെ ഗവേഷണകേന്ദ്രങ്ങൾ നമ്മുടെ നാട്ടിലുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട് കേരളത്തിലുള്ള ചില ഗവേഷണ കേന്ദ്രങ്ങൾ ഇനി പറയുന്നു.



| ഗവേഷണകേന്ദ്രം | സ്ഥലം |
|---|---|
| 1 ഏത്തവാഴ ഗവേഷണകേന്ദ്രം | കണ്ണാറ |
| 2 നാളികേര ഗവേഷണകേന്ദ്രം | ബാലരാമപുരം |
| 3 അഗ്രോണമിക് റിസർച്ച് സെന്റർ | ചാലക്കുടി |
| 4 അടയ്ക്കാ ഗവേഷണകേന്ദ്രം | പീച്ചി |
| 5 കുരുമുളക് ഗവേഷണകേന്ദ്രം | പന്നിയൂർ |
| 6 ഭാരതീയ സുഗന്ധവിള ഗവേഷണകേന്ദ്രം | കോഴിക്കോട് |
| 7 കേന്ദ്ര കിഴങ്ങുവർഗ ഗവേഷണകേന്ദ്രം | ശ്രീകാര്യം |
| 8 കശുവണ്ടി ഗവേഷണകേന്ദ്രം | ആനക്കയം |
| 9 പുൽത്തൈല ഗവേഷണകേന്ദ്രം | ഓടക്കാലി |
| 10 ഏലം ഗവേഷണകേന്ദ്രം | പാമ്പാടുംപാറ |
| 11 കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം | കാസർകോട് |
| 12 നെല്ല് ഗവേഷണകേന്ദ്രം | പട്ടാമ്പി |
| 13 ഇഞ്ചി ഗവേഷണകേന്ദ്രം | അമ്പലവയൽ |
| 14 കരിമ്പ് ഗവേഷണകേന്ദ്രം | തിരുവല്ല |

## ഞാറ്റുവേല ചൊല്ലുകൾ

**ഞാറ്റുവേലയുമായി ബന്ധപ്പെട്ട ചൊല്ലുകൾ നോക്കൂ**

- വിത്ത് ഭരണിയിലിടണം.
- കാർത്തിക കാലിൽ കാക്കക്കാൽ നനഞ്ഞാൽ മുക്കാലിൽ മുക്കും.
- രോഹിണിക്കപ്പുറം അധികം വിത വേണ്ട
- മകയിരം മദിച്ചു പെയ്യും.
- തിരുവാതിര ആദ്യം തെളിഞ്ഞാൽ പോക്കിനു മഴ
- പുണർതത്തിൽ പുകഞ്ഞ മഴ
- പുണർതം പുഴി തെറിപ്പിക്കും
- ചോതി പെയ്താൽ ചോറുറച്ചു
- ചോതി വർഷിച്ചാൽ ചോറിനു പഞ്ഞമില്ല
- പൂയം ഞാറ്റുവേലയിൽ പുല്ലും പൂവണിയും



തയാറാക്കിയത്:
**ഷീജാകുമാരി കൊടുവഴന്നൂർ**